# Prime Minister's interaction with the Indian Community and Friends of India in Bali, Indonesia

November 15, 2022

## ഇന്തോനേഷ്യയിലെ ബാലിയിൽ ഇന്ത്യൻ സമൂഹവുമായും സുഹൃത്തുക്കളുമായും പ്രധാനമന്ത്രി സംവദിച്ചു

**നവംബർ 15, 2022**

പ്രധാനമന്ത്രി നരേന്ദ്ര മോദി 2022 നവംബർ 15ന് ഇന്തോനേഷ്യയിലെ ബാലിയിൽ, 800ലധികംവരുന്ന ഇന്ത്യൻ പ്രവാസികളെയും ഇന്ത്യൻ സുഹൃത്തുക്കളെയും അഭിസംബോധനചെയ്യുകയും സംവദിക്കുകയുംചെയ്തു. ഇന്തോനേഷ്യയുടെ വിവിധ മേഖലകളിൽനിന്നുള്ളവർ പരിപാടിയിൽ പങ്കെടുത്തു.

2.ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള സാംസ്കാരികവും നാഗരികവുമായ അടുത്ത ബന്ധത്തെക്കുറിച്ചു പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 'ബാലി യാത്ര'യുടെ പുരാതനപാരമ്പര്യത്തെക്കുറിച്ചു പരാമർശിച്ച അദ്ദേഹം ഇരുരാജ്യങ്ങളും തമ്മിലുള്ള ശാശ്വതമായ സാംസ്കാരിക-വ്യാപാരബന്ധത്തെ ഉയർത്തിക്കാട്ടുന്നതാണു 'ബാലി യാത്ര'യെന്നു വ്യക്തമാക്കി. ഇന്ത്യയും ഇൻഡോനേഷ്യയും തമ്മിൽ വിവിധ മേഖലകളിലുള്ള പൊതുവായ കാര്യങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി.

3.തങ്ങളുടെ പോറ്റമ്മയായി മാറിയ രാജ്യത്തു കഠിനാധ്വാനത്തിലൂടെയും അർപ്പണബോധത്തിലൂടെയും ഇന്ത്യയുടെ മഹത്വവും അന്തസും വർധിപ്പിച്ചതിന് ഇന്ത്യൻ പ്രവാസികളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ഇന്ത്യ-ഇൻഡോനേഷ്യ ബന്ധത്തിന്റെ മികച്ച പാതയെക്കുറിച്ചും അതു ശക്തിപ്പെടുത്തുന്നതിൽ പ്രവാസി ഇന്ത്യൻ സമൂഹം വഹിക്കുന്ന നിർണായക പങ്കിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

4.ഡിജിറ്റൽ സാങ്കേതികവിദ്യ, ധനകാര്യം, ആരോഗ്യം, ടെലികോം, ബഹിരാകാശം തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യ കൈവരിച്ചുകൊണ്ടിരിക്കുന്ന വളർച്ച, നേട്ടങ്ങൾ, വമ്പിച്ച മുന്നേറ്റങ്ങൾ എന്നിവയെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. വികസനത്തിനായുള്ള ഇന്ത്യയുടെ രൂപരേഖയിൽ ലോകത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ ആഗ്രഹങ്ങളും ഉൾപ്പെടുന്നുവെന്നു പ്രധാനമന്ത്രി പറഞ്ഞു. സ്വയംപര്യാപ്ത ഇന്ത്യയെന്ന കാഴ്ചപ്പാട്

ആഗോളനന്മയെന്ന മനോഭാവത്തെ ഉൾക്കൊള്ളുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

5.2023 ജനുവരി 8 മുതൽ 10 വരെ മധ്യപ്രദേശിലെ ഇൻഡോറിൽ നടക്കുന്ന പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിലും തുടർന്നു ഗുജറാത്തിൽ നടക്കുന്ന പട്ടംപറത്തൽ മേളത്തിലും പങ്കെടുക്കാൻ ഇന്ത്യൻ പ്രവാസികളെയും സുഹൃത്തുക്കളെയും പ്രധാനമന്ത്രി ക്ഷണിച്ചു.

**ബാലി**
**നവംബർ 15, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.